# “ഒന്നിച്ച് ഒന്നായ് മുന്നേറാം”

## ഗോപാൽ യു.പി.സ്കൂൾ

### കുഞ്ഞിമംഗലം

മാടായി ഉപജില്ല  കണ്ണൂർ ജില്ല



# അക്കാദമിക്  മാസ്റ്റർപ്ലാൻ

# 2025-26

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025–26

# ഗോപാൽ യു.പി.സ്കൂൾ

## കുഞ്ഞിമംഗലം

## കണ്ണൂർ ജില്ല

# <u>സ്കൂളിന്റെ ചരിത്രം</u>

1914ൽ എൽ.പി. സ്കൂളായി ആരംഭിച്ച ഇന്നത്തെ ഗോപാൽ യു.പി.സ്കൂൾ കുഞ്ഞിമംഗലം തെക്കുമ്പാട് ശ്രീ വീരചാമുണ്ഡേശ്വരി ക്ഷേത്രത്തിന് പടിഞ്ഞാറ് വശത്തായിരുന്നു പ്രവർത്തനം ആരംഭിച്ചത്.

ആരംഭത്തിൽ 1 മുതൽ 3 വരെ ക്ലാസ്സുകളിലായി 32 കുട്ടികളും പരിചയകുറവുള്ള 2 അധ്യാപകരുമാണ് ഉണ്ടായിരുന്നത്. 1929 ൽ ഈ സ്കൂൾ ഇന്നുള്ള സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചത്. അന്ന് ഈ വിദ്യാലയം അറിയപ്പെടുന്നത് 'തെക്കുമ്പാട് എലിമെന്ററി സ്കൂൾ' എന്നായിരുന്നു.

1931 ൽ ഈ സ്ഥാപനം പരേതനായ ശ്രീ.സി.വി.ഗോപാലൻ നമ്പ്യാരുടെ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തനം തുടങ്ങി. അതോടുകൂടിയാണ് സ്കൂളിന്റെ പുരോഗതി ആരംഭിച്ചത്. അന്ന് 47 കുട്ടികളും മൂന്നാംതരം വരെയുള്ള ക്ലാസ്സുകളും പരിശീലനം ലഭിച്ച രണ്ട് അധ്യാപകരുമാണ് ഉണ്ടായിരുന്നത്. 1937 ൽ അഞ്ചാംതരം വരെയുള്ള ക്ലാസ്സുകൾക്ക് അംഗീകാരം ലഭിച്ചതോടെ പൂർണമായ എൽ.പി. സ്കൂൾ (എലിമെന്ററി) ആയി തീർന്നു,

1946 ൽ സ്കൂളിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കി 160 കുട്ടികളും 6 അധ്യാപകരുമടങ്ങിയ ഒരു ചെറിയ വിദ്യാലയമായി മാറി. 1947 ൽ സ്കൂൾ ഒരു ഹയർഎലിമെന്ററി (യു.പി) സ്കൂളായി ഗവൺമെന്റ് അംഗീകരിച്ചു. 1948 ൽ ഗോപാൽ ഹയർ എലിമെന്റി സ്കൂൾ എന്ന പേരിൽ സ്ഥിരാംഗീകാരം ലഭിച്ചു.

കുഞ്ഞിമംഗലത്തെയും സമീപപ്രദേശങ്ങളായ കുന്നരു, എടനാട്, ചെറുതാഴം പ്രദേശങ്ങളിലെയും ആദ്യ യു.പി സ്കൂളായിരുന്നു ഇത്. 1958 വരെ എട്ടാം തരത്തിലെ പൊതു പരീക്ഷ ഈ സ്കൂളിൽ വെച്ചായിരുന്നു നടത്തിയിരുന്നത്.

1972 വരെ ഇതിന്റെ സ്ഥാപക മാനേജരായിരുന്ന ശ്രീ. സി.വി. ഗോപാലൻ നമ്പ്യാരായിരുന്നു ഹെഡ്മാസ്റ്റർ. അദ്ദേഹം 1995 ൽ അന്തരിച്ചു. അദ്ദേഹത്തിന്റെ മകനും, ഈ സ്കൂളിലെ അധ്യാപകനും ആയിരുന്ന ശ്രീ.എം.കെ.സുകുമാരൻ നമ്പ്യാരാണ് ഇപ്പോഴത്തെ മാനേജർ.

സ്കൂളിന്റെ ശതാബ്ദി ആഘോഷം 2014 മാർച്ച് മുതൽ 2015 മാർച്ച് വരെ ഒരു വർഷം നീണ്ടുനിന്ന വിവിധ പരിപാടികളോടെ ആഘോഷിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മാടായി ഉപജില്ലയിൽ പാഠ്യപാഠ്യേതര വിഷയങ്ങളിൽ മുൻപന്തിയിലെത്തിനിൽക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട് എന്നതിൽ നമുക്കേവർക്കും അഭിമാനിക്കാം.

നിലവിൽ 14 ഡിവിഷനുകളിലും 20 അധ്യാപകരും ഒരു അധ്യാപകേതര ജീവനക്കാരനും പ്രവർത്തിക്കുന്നുണ്ട്. ഒന്നുമുതൽ ഏഴ് വരെയുള്ള ക്ലാസുകളിൽ 302 കുട്ടികൾ പഠിക്കുന്നുണ്ട്. പി.ടി.എ യുടെയും മാനേജരുടെയും ശക്തമായ പിന്തുണയോടെ അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും നാട്ടുകാരും കൂട്ടമായി ശ്രമിച്ച് ഈ സരസ്വതീ ക്ഷേത്രത്തെ അത്യുന്നതിയിൽ എത്തിക്കാം.

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : മലയാളം | | | | |
|---|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പ ത്തീകം | എജൻസി |
| ഭാഷാപരമായ ശേഷിരാഹിത്യം | • ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടി സ്ഥാന പരിശോധന പൂർത്തിയാക്കുന്നു<br>• ഒഴിവുസമയങ്ങളിൽ കുട്ടികളെയും രക്ഷിതാ വിനെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള കൈത്താങ്ങ് പഠനക്ലാസ്സുകൾ നടത്തുന്നു. | 2025 | 5000 | പിടിഎ, എസ് ആർജി |
| വ്യത്യസ്ത സാഹി ത്യതലങ്ങൾ പരി ചയപ്പെടുന്നതിന് | ചങ്ങാതിക്കൂട്ടം<br>• വ്യത്യസ്ത കലാരൂപങ്ങൾ ഉൾപ്പെ ടുത്തിക്കൊണ്ട് കുട്ടികൾക്കായി വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു | ജൂൺ 2025 മുതൽ മാർച്ച് വരെ | 10000 | പിടിഎ |
| മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ പഠനാന്ത രീക്ഷം ആകർഷ ണീയമാക്കൽ | • സാഹിത്യകാരൻമാരുടെ ചിത്രങ്ങൾ, കഥാ സന്ദർഭങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾ ചുമരുകൾ ചിത്രം വരക്കുന്നു | 2025-2026 | 15000 | പൂർവ്വ വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| ഭാഷയുമായി ബന്ധപ്പെട്ട ഉയർന്ന സാഹിത്യശേഷികൾ കൈവരിക്കൽ | സാഹിത്യചുമർ<br>• കുട്ടികൾ അവർതയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം സജ്ജമാക്കിയ സാഹിത്യചുമരിൽ പ്രദർശിപ്പിക്കുന്നു. ഓരോ മാസത്തെയും സൃഷ്ടികൾ ചേർത്തുവെച്ച് മാസികകൾ തയ്യാറാക്കുന്നു. | 2025-26 | 1000 | മലയാളം ക്ലബ്ബ് |
| ഭാഷാപരമായ അടിസ്ഥാനശേഷികൾ കൈവരിക്കൽ | • ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക് ഷീറ്റ് തയ്യാറാക്കുന്നു. കൈത്താങ്ങ് പഠനക്ലാസുകളിൽ ഈ വർക്ക് ഷീറ്റുകൾ ഉപയോഗിക്കുന്നു.<br>• കുട്ടികൾക്ക് ഏതുസമയത്തും വന്ന് വായിക്കാൻ പറ്റുന്ന രീതിയിൽ വായനമൂല സജ്ജീകരിക്കുന്നു. വിവിധ നിലവാരക്കാർക്ക് അനുസൃതമായ പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കുന്നു. | 2025-26 | 2000 | മലയാളം ക്ലബ്ബ് |
| ഉയർന്ന സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യമില്ലാത്തത് | • പ്രാദേശികവും അല്ലാത്തതുമായ കലാകാരൻമാരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള സ്കൂൾതല ക്യാമ്പ് | 2025 -26 | 5000 | പൂർവ്വവിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| | • പ്രാദേശികമായി ലഭ്യമായ സാഹിത്യകാരൻമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രാദേശിക സാഹിത്യകൂട്ടായ്മ<br>• കുട്ടികൾക്ക് അവരുടെ സാഹിത്യവാസനകൾ പ്രകടിപ്പിക്കാൻ അവസരം നൽകിക്കൊണ്ടുള്ള സ്കൂൾ ആകാശവാണി<br>• ലൈബ്രറി കൗൺസിലിന്റെ നേതൃത്ത്വത്തിൽ ഓരോ മാസത്തിലും മികവ് ആസ്വാദക്കുറിപ്പ് കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ | 2025-26<br><br>2025 മുതൽ | 1000 | വിദ്യാരംഗം<br>ലൈബ്രറി |
| ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ | • 5,6,7 ക്ലാസുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഐസിടി സാധ്യതകൾ കണ്ടെത്തുന്നു. പഠനവിഭവങ്ങൾ തയ്യാറാക്കുന്നു | 2025 -26 | | മലയാളം ക്ലബ്ബ് |

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : ENGLISH | | | | |
|---|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പ ത്തീകം | ഏജൻസി |
| Ineffective teaching | • Classes in the target language for teachers<br>• Workshop for teachers by language experts<br>• Workshop for teachers on teaching learning materials | 2025-26 | 10000 | PTA, MPTA, Teachers |
| Defective pronounciation | • Audio video clippings on correct pronounciation<br>• Classes on phonetics by experts<br>• Language lab<br>• ICT facilities<br>• Video clipping<br>• Readers theatre | 2025-26 | 50000 | PTA, MPTA, Teachers |

| | | | | |
|---|---|---|---|---|
| Lack of communication skill | • Dramatization of stories ad enacting them<br>• Conducting debates and seminars<br>• Conducting English fest<br>• Theatre workshop<br>• Language lab<br>• Formation of English club<br>• English assembly<br>• English chatting through skype, messenger etc<br>• Developing translation skills | 2025-26 | 50000 | PTA, MPTA, Teachers, BRC Management |
| Addressing slow pace learners | • TM and TLM addressing the slow pace learners<br>• Special coaching classes for slow pace learners<br>• Conducting action research on slow pace learners | 2025-26 | 3000 | English Teachers |
| Support to gifted Children | • Special coaching classes using language experts<br>• Introducing English library<br>• English book exhibition<br>• Classes on creative writing<br>• Magazines created by children | 2025-26 | 10000 | PTA , Teachers |

| | | | | |
|---|---|---|---|---|
| Insufficient vocabulary | • Word games<br>• Word study using computers<br>• Spelling contests<br>• Making cross word puzzles<br>• Dictionary making using the words of the text book | 2025-26 | 5000 | Teachers and students |
| Defective sentence pattern | • Making sentence cards<br>• Using sentence cards in class room<br>• Correct sentence structure with ICT facilities (conversations)<br>• Publishing magazines in English<br>• Publishing printed magazines<br>• English bulletin<br>• Playing equipments for learning English<br>• Writing Blog | 2025 | 35000 | HM and Teachers |
| Illegible handwriting | • Writing with ICT facilities<br>• Peer group learning<br>• English diary<br>• English Pen friends | 2025-26 | 500 | Teachers and students |

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : ഹിന്ദി | | | | |
|---|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തീകം | എജൻസി |
| എല്ലാകുട്ടികൾക്കും അടിസ്ഥാനശേഷി ക്കുറവ് | • ഹിന്ദി ഗ്രന്ഥശാല സ്ഥാപിക്കുക<br>• വായനകാർഡ് നിർമ്മാണം<br>• ഹിന്ദി ദിനാചരണങ്ങൾ<br>• ഹിന്ദി അസംബ്ലി<br>• ഹിന്ദി വാർത്തവായന | 1 വർഷം | 10000 | സ്കൂൾ ഫണ്ട് |
| ഹിന്ദി അന്തരീക്ഷം, എഴുത്ത് മെച്ചപ്പെടു ത്തൽ | • ഹിന്ദി സാഹിത്യകാരൻമാരുടെ പേര് ചിത്ര ആൽബത്തിൽ എഴുതുക<br>• നാടകഗ്രൂപ്പ് | 6 മാസം | 5000 | എസ്.എസ്.എ |
| ഹിന്ദി ഭാഷയോട് അവഗണന | • ഹിന്ദി സംസ്ഥാനത്തിലേക്ക് ഒരു യാത്ര<br>• ഹിന്ദി ക്യാമ്പ്<br>• ഹിന്ദി ഫെസ്റ്റ്<br>• 7-ാംക്ലാസിൽ സുഗമ ഹിന്ദി പരീക്ഷ നട ത്തുന്നു | | 20000 | സ്പോൺസർ ചെയ്യിക്കുന്നു |

| | | | | |
|---|---|---|---|---|
| | • ഒന്നാം ക്ലാസുമുതൽ ഹിന്ദി പഠിക്കാനുള്ള അവസരം സൃഷ്ടിക്കുക | | | |
| പദപരിചയം<br><br>ഐ.ടി പരിജ്ഞാന ക്കുറവ് | • 5-ാം ക്ലാസിൽ കാർഡാ നിർമാണം, പദ നിർമാണ മൽസരം<br>• അക്ഷരക്കളി<br>• 6,7 ക്ലാസ് വർക്ക് ഷീറ്റ് നിർമാണം, ഐ.ടി ലഭ്യത | ആഗസ്ത്<br><br>സെപ്തംബർ | 2000 | എസ്എസ്എ |
| ഹിന്ദി ഭാഷയോട് താത്പര്യക്കുറവ് | • ഹിന്ദിയിൽ ലഭ്യമായ കാർട്ടൂൺ, കഥകൾ, സിനിമ എന്നിവയുടെ പ്രദർശനം | | | |
| ഹിന്ദിആശയ പ്രകട നത്തിന് ബുദ്ധിമുട്ട് | • സ്പോക്കൺ ഹിന്ദി ക്ലാസുകൾ ഒഴിവുദിവ സങ്ങളിൽ | ആഴ്ചയിൽ | 5000 | പി.ടി.എ |
| പ്രതിഭകൾക്ക് ക്ലാസ് ലഭിക്കുന്നില്ല | • പഠനത്തോടൊപ്പം പദ്ധതി -<br>യുപി സ്കൂൾ പഠനത്തോടൊപ്പം ചെറിയ ഹിന്ദി കോഴ്സുകൾ നൽകുക | മാസത്തിൽ | 10000 | രക്ഷിതാവ്<br>പി.ടി.എ |

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : ഉറുദു | | | | |
|---|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തീകം | എജൻസി |
| സ്കൂളിൽ ഉർദു ക്ലാസിൽ പൂർണമായ ഭാഷാന്തരീക്ഷം സജ്ജമാക്കുക | സ്മാർട്ട് ക്ലാസ് റൂം (ഓഡിയോ, വീഡിയോ) ടീച്ചർ , കുട്ടികൾ ഇന്ററാക്ഷൻ എല്ലാം ഭാഷാന്തരീക്ഷത്തിൽ സജ്ജീകരിക്കുക | ജൂൺ - മാർച്ച് | 1000 | പി.ടി.എ |
| പഠനാനുകൂല ഗൃഹാന്തരീക്ഷം സജ്ജമാക്കുക | • വിവരശേഖരണം<br>• വിലയിരുത്തൽ, രക്ഷിതാക്കളുമായി ആശയ വിനിമയം<br>• ബോധവൽക്കരണം, പിന്തുണ, പഠനസഹായം<br>• ടേം കാലയളവിൽ ഗൃഹാന്തരീക്ഷം വിലയിരുത്തൽ , ഇടപെടൽ | ജൂൺ 15 ജൂലൈ<br>ആഗസ്ത് - ഫെബ്രുവരി | 2000 | പി.ടി.എ<br>എസ്.എസ്.എ |
| പഠന താത്പര്യം പഠനാവേശം<br>ലാംഗ്വേജ് ലാബ് | • വ്യത്യസ്ത മത്സര പ്രവർത്തനങ്ങളിലൂടെ പഠനാവേശം വർധിപ്പിക്കുക<br>• ഉർദു ഭാഷ ലാബ് സജ്ജീകരിക്കുക | ജൂലൈ-ഒക്ടോബർ<br>ആഗസ്ത് -മാർച്ച് | 3000<br>10000 | പി.ടി.എ<br>എസ്.എസ്.എ |

| | | | | |
|---|---|---|---|---|
| വിലയിരുത്തലും പരി സരബോധനവും | • യൂണിറ്റ് , ടേം വിലയിരുത്തലിന് രക്ഷിതാക്കളുടെ സഹായവും ഇടപെടലും പരിഹാരബോധന പ്രവർത്തനങ്ങൾ | ആഗസ്ത് ഒക്ടോബർ | 1000 | പി.ടി.എ |
| പഠനപിന്നോക്കാ വസ്ഥ പരിഹാരബോധനം | • വിവരശേഖരണം<br>• വിലയിരുത്തൽ, രക്ഷിതാക്കളുമായി ആശയവിനിമയം<br>• പരിഹാരബോധന പ്രവർത്തനങ്ങൾ ആസൂത്രണം<br>• മറ്റുസഹായം തേടൽ | ജൂൺ -ജൂലൈ | 2000 | പി.ടി.എ |
| ഭാഷ ആനുകാലിക അറിവുകളുടെ അപര്യാപ്തത | • പ്രസിദ്ധീകരണങ്ങൾ, മാഗസിൻ ഉറുദു വായനാമുല യിലൊരുക്കൽ | ജൂൺ - മാർച്ച് | 3000 | പി.ടി.എ എസ്.എസ്.എ സ്റ്റാഫ് |
| സർഗാത്മക പ്രകടനം ഉറുദു ഭാഷയിലുള്ള പ്രകടനം ഉറുദു ക്ലബ്ബ് | • ഉറുദു ക്ലബ് രൂപീകരണം<br>• ഉറുദു കൂട്ടായ്മ, സ്കൂൾ കലോൽസവവുമായി പഠന പ്രവർത്തനങ്ങളെ ബന്ധിപ്പിക്കൽ<br>• പുറമെനിന്നുള്ള റിസോഴ്സ് പേഴ്സണിന്റെ സഹായ ത്തോടെ ഉറുദു ശിൽപശാല<br>• ഉറുദു മഗസിൻ, ദിനാചരണം (ഉറുദു ദിനം) | ജൂൺ<br>ആഗസ്ത്<br>ഒക്ടോബർ<br>നവംബർ | 2000<br>500 | പി.ടി.എ<br>എസ്.എസ്.എ<br>പി.ടി.എ |
| പരിഗണന പ്രോത്സാ ഹനം | • കുട്ടികളുടെ കഴിവുകളെ അംഗീകരിച്ചും പ്രോത്സാഹി പ്പിച്ചും സമ്മാനപദ്ധതി | മാർച്ച് | 2000 | സ്റ്റാഫ് |

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : അറബിക് | | | | |
|---|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തീകം | എജൻസി |
| ഭാഷ എളുപ്പത്തിൽ പഠിക്കാനും സംസാരിക്കാനും ഉപയോഗിക്കാനുമുള്ള കഴിവ് കുറവ് | • ഭാഷാശേഷി തിരിച്ചറിയാൻ കുട്ടിയൊടൊപ്പം സമയം ചെലവഴിച്ച് ഓരോരുത്തരുടെയും നിലവാരം കണ്ടെത്തുന്നു. ആവശ്യമായ ടൂളുകൾ ഉപയോഗിക്കുന്നു. (വായന, ചോദ്യാവലി, എഴുത്ത്, അഭിമുഖം)<br>• അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനായി വാചകനിർമ്മാണം, ഭാഷാകേളികൾ തുടങ്ങീ കളികൾ പ്രയോഗിക്കുന്നു<br>• പിയർഗ്രൂപ്പ് പഠനം | 2025-26 | 1000 | അറബി ക്ലബ്ബ് |
| ഭാഷ പഠീക്കുന്നത്കൊണ്ട് നിത്യജീവിതത്തിൽ ധാരാളം പ്രയോജനം ഉണ്ട് എന്ന ധാരണക്കുറവ് | വായനാഉത്സവം<br>• വായനാമത്സരം<br>• വാട്സ്അപ് ഗ്രൂപ്പ് | 2025 രണ്ടാം പാദത്തോടെ | 25000 | പിടിഎ<br>അറബി ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| ഭാഷാപഠനം രസകരവും സന്തോഷകരവുമാക്കാനുള്ള ഉപകരണങ്ങളുടെ അഭാവം | അറബിക്കൊരു ചങ്ങാതി<br>• എസിടി വിഭവ ശേഖരണം<br>• സോഷ്യൽ മീഡിയ പ്രയോജനപ്പെടുത്തൽ<br>• ഡിജിറ്റൽ ലൈബ്രറി<br>• ഭാഷാലാബുകൾ | 2025-26 | 30000 | പിടിഎ കമ്മറ്റി പൂർവ്വവിദ്യാർത്ഥികൾ |
| അറബി ഭാഷ ധാരാളം കാണാനും കേൾക്കാനും എഴുതാനും സംസാരിക്കാനുമുള്ള അവസരക്കുറവ് | എഴുത്തിന്റെ ലോകം<br>• നോക്കി എഴുത്ത് മത്സരം<br>• കേട്ടെഴുത്ത് മത്സരം<br>• നല്ല എഴുത്തിന് ഒരു സ്റ്റാർ<br>• കുറിപ്പുകൾ തയ്യാറാക്കൽ<br>• മാഗസിനുകൾ തയ്യാറാക്കൽ<br>• പരസ്പരമുള്ള എഴുത്ത് മത്സരം<br>• എഴുത്ത് പ്രദർശനം | 2025 മുതൽ | 2000 | അറബിക് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| പഠനത്തോടൊപ്പം സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന്റെ അഭാവം | അറബിയോടൊപ്പം<br>• അറബി മരം<br>• അറബിക് ചുമർ<br>• അറബിക് റൂം<br>• അറബിക് അസംബ്ലി<br>• ക്വിസ് മത്സരങ്ങൾ<br>• പോസ്റ്റർ കാർഡ് നിർമ്മാണം<br>• റാലികൾ<br>• പ്ലക്കാർഡുകൾ തയ്യാറാക്കൽ<br>• ചിത്രപ്രദർശനം | 2025-26 | 5000 | അറബിക് ക്ലബ്ബ്<br>പിടിഎ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | "കളിയിലൂടെ കാര്യം"<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാന അറിവ് പരീക്ഷിക്കുന്നതിന് ആവശ്യമായ കളികളും വർക്ക്ഷീറ്റുകളും നൽകുന്നു.<br><br>"മറന്നുപോയോ ഓർത്തെടുക്കാം"<br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മരി ടെസ്റ്റ് നടത്തുന്നു. | ജൂൺ മാസം<br><br>ജൂൺ – ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | പിടിഎ<br><br>പിടിഎ |
| പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | 'field trip virtual ICR' സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | പിടിഎ |

| | | | | |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിതസമീപനം | 'വിദ്യാലയത്തിൽ നിന്ന് സമൂഹത്തിലേക്ക്' സ്കൂൾലീഡർ തിരഞ്ഞെടുപ്പ് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | പിടിഎ |
| പ്രകൃതിയെ കുറിച്ചും പ്രകൃതി ദുരന്തങ്ങളെ കുറിച്ചും മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | 'ഉള്ളുലയുന്ന പ്രകൃതി' പരിസ്ഥിതിമലിനീകരണം ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്ത തീവ്രത മനസിലാക്കുന്നതിനും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും (പരിസ്ഥിതി ദിനാചരണം) | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | പിടിഎ |
| വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങൾ ലഹരി ഉപയോഗം റോഡ് സുരക്ഷ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | 'വലക്കണ്ണികളെ തിരിച്ചറിയാം' സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ സൈബർ സുരക്ഷ ട്രാഫിക് ലഹരി ബോധവത്കരണ ക്ലാസുകൾ കുട്ടകൾക്കും രക്ഷിതാക്കൾക്കുമായി സംഘടിപ്പിക്കണം | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | പിടിഎ |

| | | | | |
|---|---|---|---|---|
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | ‘ശുദ്ധജലം കിട്ടാക്കനിയോ’<br>മനുഷ്യന്റെ ഇടപെടലുകൾ മൂലം ജലാശയങ്ങൾക്ക് സംഭവിക്കുന്ന മാറ്റങ്ങൾ പരിശോധിച്ച് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | പിടിഎ |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | ‘പറന്നുയരാം’<br>അറിവിന്റെ ലോകത്തേക്ക് മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | പിടിഎ |

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : കണക്ക് | | | | |
|---|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തീകം | എജൻസി |
| ശിശുസൗഹൃദപഠന സാമഗ്രിയുടെ കുറവ് | • ഗണിതലാബ് ശാക്തീകരണം<br>• ക്ലാസ് ഗണിതലാബ് ഗണിതലാബ് ശാക്തീകരണം | ജൂൺ | 50000 | പിടിഎ<br>സ്റ്റാഫ്<br>തദ്ദേശസ്ഥാപനങ്ങൾ |
| മികച്ച ഗണിത ഗ്രന്ഥങ്ങളുടെ അഭാവം | • ഗണിത പുസ്തകങ്ങൾ ശേഖരിച്ച്<br>• മികച്ച ഗണിത ലൈബ്രറി ഉണ്ടാക്കുക | ജൂൺ | 100000 | പിടിഎ<br>സ്റ്റാഫ്<br>തദ്ദേശസ്ഥാപനങ്ങൾ |
| ഗണിതപഠനം രസകരവും ആകർഷകവുമാക്കാൻ സാധിക്കുന്നില്ല | • ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ<br>• ഗണിതോപകരണ പഠന ശിൽപശാല<br>• ഗണിത അസംബ്ലി<br>• ഗണിത ക്ലബ്ബ്<br>• ശാക്തീകരണം | ജൂൺ | 10000 | ഗണിത വിഷയ സമിതി |

| | | | | |
|---|---|---|---|---|
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ പല കുട്ടി കൾക്കും കഴിയുന്നില്ല | • Maths clinic<br>• MAths work sheet<br>• Geogebra പരിശീലനം<br>• ഗണിസ്കിറ്റ് അവതരണം<br>• മുന്നേറ്റം ക്ലാസുകൾ | | 5000 | Maths<br>SRG<br>PTA |

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല : പിടിഎ | | | | |
|---|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തീകം | എജൻസി |
| എസ്.എസ്.ജിയുടെ സഹായം അക്കാദമിക അനക്കാദമികേതര പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ | • രക്ഷിതാക്കളിൽ നിന്നും യോഗ്യരായവരുടെ വിവരശേഖരണം<br>• രക്ഷിതാക്കളെ പഠനപ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ<br>• യു.എസ്.എസ് പരിശീലനം<br>• കലാകായികമേള<br>• മുന്നേറ്റം ക്ലാസ് | ഒരു വർഷം | 10000 | എസ്.എ്.ജി/ സ്റ്റാഫ് |
| എം.ടി.എ/ പി.ടി.എ പ്രാതിനിധ്യക്കുറവ് | • മാസത്തിൽ ഒരു നിശ്ചിത ദിവസം ജനറൽ എക്സിക്യൂട്ടീവ് യോഗം ചേരുക<br>• ബോധവത്കരണ ക്ലാസുകൾ<br>• കോർണർ പി.ടി.എ<br>• ഗൃഹസമ്പർക്ക പരിപാടി<br>• ഉച്ചഭക്ഷണ പരിപാടിയിൽ പങ്കുകൊള്ളിക്കൽ<br>• കോർണർ പിടിഎ യിൽ രക്ഷിതാവിനെയും കുട്ടികളേയും ഉൾക്കൊള്ളിച്ച് കല, സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുക | ഒരു വർഷം | 15000 | പിടിഎ/ സ്റ്റാഫ് |

# ഗണിതം

- ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം- വ്യവകലനം , കച്ചവടക്കളി.
- ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമി ടാൽഗ്രാം രൂപങ്ങൾ നിർമിക്കൽ പ്രദർശിപ്പിക്കൽ
- ഗണിത പഠനോപകരണ ശില്പശാല പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണം പ്രദർശനം.

# <u>യു.പി.സയൻസ്</u>

1. **ലക്ഷ്യം** - ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ

**<u>പ്രവർത്തനങ്ങൾ (1) പരീക്ഷണക്കളരി</u>**

നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.

## 2. എക്സ്പോ – എക്സ്പ്ലോർ (EXPO- Explore)

**ലക്ഷ്യം** - ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക

പ്രവർത്തനം - വിവിധ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.

## 3. ശാസ്ത്ര വിസ്മയ ചുമർ

**പ്രവർത്തനം –** ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട്

ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.

## 4. യുറേക്കാ

**പ്രവർത്തനം :** കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസൂകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി.